പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4668 13.11.2019-ൽ മറുപടിയ്ക്ക്**

**എക്സൈസ് വകുപ്പിലെ തസ്തികകൾ**

| ചോദ്യം<br>ശ്രീ.പി.സി.ജോർജ് | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസ് വകുപ്പിൽ പുതിയതായി എത്ര തസ്തികകൾ സൃഷ്ടിച്ചു, വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എക്സൈസ് വകുപ്പിൽ പുതിയതായി 260 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ ലഹരി വർജ്ജന പദ്ധതിയായ വിമുക്തിയിലേയ്ക്കായി 3 റിസർച്ച് ഓഫീസർ, 14 മിഷൻ കോർഡിനേറ്റർ, 14 ജില്ലാ മാനേജർമാർ എന്നീ തസ്തികകളും താൽക്കാലികമായി സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ (2016, 2017,2018 വർഷങ്ങളിൽ) ഡ്യൂട്ടി സമയത്ത് എക്സൈസ് ജീവനക്കാർക്ക് എതിരെ എത്ര ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്; വിശദമാക്കാമോ? | (ബി) കഴിഞ്ഞ 3 വർഷത്തിനുള്ളിൽ ഡ്യൂട്ടി സമയത്ത് എക്സൈസ് ജീവനക്കാർക്കെതിരെ 72 ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**തിരുവനന്തപുരം** **ആകെ-10**

1. 01.01.2016 തീയതിയിൽ കിളിമാനൂർ റേഞ്ച് പരിധിയിലുള്ള പുലിയൂർക്കോണത്ത് വെച്ച് കിളിമാനൂർ റേഞ്ച് പാർട്ടിക്കെതിരെ ആക്രമണം നടത്തിയതിന് വർക്കല താലൂക്കിൽ മടവൂർ വില്ലേജിൽ പുലിയൂർക്കോണം, മാങ്കുടി കുന്നുംപുറത്ത് വീട്ടിൽ മഷൂദ് മകൻ സമീറിനെതിരെ പള്ളിക്കൽ പോലീസ് സ്റ്റേഷനിൽ ഒരു കേസ്സ് എടുത്തിട്ടുള്ളതാണ്.

2. 12.04.2016 തീയതിയിൽ പെരുങ്കടവിള ചെക്ക് പോസ്റ്റിൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന എക്സൈസ് ജീവനക്കാർക്കെതിരെ കെ.എൽ.07.എഇ.2223 നമ്പർ ഇന്നോവ കാറിന്റെ ഡ്രൈവർ ആക്രമണം നടത്തിയതിന് മാരായമുട്ടം പോലീസ് സ്റ്റേഷനിൽ ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

3. 22.05.2017 തീയതിയിൽ ആര്യനാട് റേഞ്ച് ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ. ശ്രീകുമാറിനെ അപ്പ ബാബു എന്നു വിളിക്കുന്ന സുരേഷ് ബാബു ഡ്യൂട്ടിക്കിടയിൽ ആക്രമിച്ചതിന് ആര്യനാട് പോലീസ് സ്റ്റേഷനിൽ FIR No.260/2017 ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

4. 10.08.2017 തീയതിയിൽ നെടുമങ്ങാട് റേഞ്ച് പരിധിയിലെ വെഞ്ഞാറമൂട് ചന്തയ്ക്ക് സമീപം വെച്ച് റേഞ്ച് ഇൻസ്പെക്ടറേയും പാർട്ടിയേയും ആക്രമിച്ച കുറ്റത്തിന് ത്യാഗരാജൻ മകൻ സഞ്ജുവിന്റെ പേരിൽ വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

5. 30.08.2017 തീയതിയിൽ മേനംകുളത്ത് വെച്ച് ഒരു എൻഡിപിഎസ് കേസ്സ് എടുക്കവേ ടി കേസ്സിലെ പ്രതിയായ മോഹനദാസിന്റെ കത്തി കൊണ്ടുള്ള ആക്രമണത്തിൽ തിരുവനന്തപുരം റേഞ്ച് ഇൻസ്പെക്ടർക്ക് പരിക്കേറ്റിട്ടുള്ളതും, ടി കുറ്റത്തിന് കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ FIR No. 1394/2017 ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

6. 01.05.2018 തീയതിയിൽ ആര്യനാട് റേഞ്ച് പരിധിയിലുള്ള കാരിയോടിന് സമീപം വച്ച് എക്സൈസ് പാർട്ടിക്ക് നേരേ ഉണ്ടായ ആക്രമണത്തിൽ ആര്യനാട് റേഞ്ചിലെ സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ. എ. ശ്രീകുമാർ, കെ.എസ്. ഷിൻരാജ് എന്നിവരുടെ കൈത്തണ്ടയിലും വിരലുകളിലും മുറിവുണ്ടായിട്ടുള്ളതാണ്. ടി സംഗതിക്ക് നെയ്യാർഡാം പോലീസ് സ്റ്റേഷനിൽ FIR No. 344/2018 ആയി 02.05.2018-ൽ u/s 341, 506(2), 332, 394 of IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

7. 22.06.2018 തീയതിയിൽ കാട്ടാക്കട റേഞ്ച് പരിധിയിലുള്ള മാറനല്ലൂർ, മൂലക്കോണം ജംഗ്ഷന് സമീപം വച്ച് കാട്ടാക്കട റേഞ്ച് പാർട്ടിക്കെതിരേ ഉണ്ടായ ആക്രമണത്തിൽ ടി റേഞ്ചിലെ സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ. രജിത്ത്. കെ.ആർ, ജിതീഷ്. ബി എന്നിവർക്ക് കയ്യിലും തലയിലും മാരകമായി പരിക്കേറ്റ് 14 ദിവസം ചികിത്സ തേടിയിട്ടുള്ളതാണ്. ടി ആക്രമണം നടത്തിയ ആൾക്കെതിരെ കാട്ടാക്കട റേഞ്ചിൽ u/s. 8(1) 8(2) & 67B of Kerala Abkari Act പ്രകാരം സിആർ. 22/2018 നമ്പരായി ഒരു അബ്കാരി കേസ്സ് എടുത്തിട്ടുള്ളതും, ടി എക്സൈസ് ഉദ്യോഗസ്ഥരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് ടി സംഗതിക്ക് മാറനല്ലൂർ പോലീസ് സ്റ്റേഷനിൽ 517/2018 നമ്പരായി ഒരു കേസ്സ് എടുത്തിട്ടുള്ളതാണ്.

8. 23.08.2018 തീയതിയിൽ വഴമുട്ടർ പന്ത പ്ലാവിള വീട്ടിൽ ജയൻ മകൻ ടെനിമോൻ എന്നയാൾ നെയ്യാറ്റിൻകര റേഞ്ച് ഓഫീസിൽ കയറി അക്രമം നടത്തിയതിന് നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

9. 13.11.2018 തീയതിയിൽ നെടുമങ്ങാട് റേഞ്ച് ഓഫീസിലെ സിആർ.54/2018 കേസ്സിലെ പ്രതിയുടെ മകനും, ബന്ധുവും ഓഫീസിൽ അതിക്രമിച്ച് കയറി പ്രതിയെ രക്ഷപ്പെടുത്താൻ ശ്രമിച്ചതിന് വെഞ്ഞാറമൂട് പോലീസ് സ്റ്റേഷനിൽ FIR No.1652/2018 ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

10. 29.12.2018 തീയതിയിൽ നെടുമങ്ങാട് റേഞ്ച് പരിധിയിൽ വഞ്ചുവം എന്ന സ്ഥലത്ത് നെടുമങ്ങാട് എക്സൈസ് സർക്കിൾ ഓഫീസ്, വാമനപുരം എക്സൈസ് റെയിഞ്ച് ഓഫീസ് പാർട്ടി സംയുക്തമായി വാഹന പരിശോധന നടത്തി വരവേ നടന്ന ആക്രമണത്തിൽ നെടുമങ്ങാട് എക്സൈസ് സർക്കിൾ ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ. ആർ.എസ്. പ്രശാന്തിന്റെ മൂക്കിന് ക്ഷതം സംഭവിക്കുകയും, വാമനപുരം റേഞ്ചിലെ സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ. എൽ. ലിബിൻ, ആർ. റ്റി. സ്നേഹേഷ്, ദിലീപ്കുമാർ.ആർ എന്നിവർക്ക് മർദ്ദനം ഏൽക്കുകയും ചെയ്തിട്ടുള്ളതാണ്. ടി സംഗതിക്ക് നെടുമങ്ങാട് പോലീസ് സ്റ്റേഷനിൽ u/s. 294(b), 323, 324, 353, 332 & 34 of IPC പ്രകാരം 2162/18 നമ്പർ ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

**കൊല്ലം** **ആകെ-11**

(1) 2016 ൽ ഒരു കേസ് - കൊല്ലം എക്സൈസ് എൻഫോഴ്സ്മെൻറ് & ആൻറി നർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡിലെ ജീവനക്കാരെ ആക്രമിച്ച കേസ്.

(2) 2017 ൽ 7 കേസ്. ചാത്തന്നൂർ എക്സൈസ് റെയ്ഞ്ച് ഓഫീസിൽ ഡ്യൂട്ടിയ്ക്കിടയിൽ ജീവനക്കാർക്കെതിരെ ഉണ്ടായ ആക്രമണത്തിൽ കൊട്ടിയം പോലീസ് സ്റ്റേഷനിൽ 2 കേസും, കൊട്ടാരക്കര റെയ്ഞ്ചിലെ ജീവനക്കാർക്കെതിരെ ഉണ്ടായ ആക്രമണത്തിൽ കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ ഒരു കേസും, ശാസ്താംകോട്ട റെയ്ഞ്ചിലെ ജീവനക്കാർക്കെതിരെ ഉണ്ടായ ആക്രമണത്തിൽ ശൂരനാട് പോലീസ് സ്റ്റേഷനിൽ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. കൂടാതെ കൊല്ലം സ്പെഷ്യൽ സ്ക്വാഡിലെ ജീവനക്കാർക്കെതിരെ രണ്ട് സ്ഥലങ്ങളിൽ വച്ചും, ചടയമംഗലം റെയ്ഞ്ചിലെ ജീവനക്കാർക്കെതിരെ കടയ്ക്കൽ എന്ന സ്ഥലത്തുവച്ചും ആക്രമണം ഉണ്ടായിട്ടുണ്ട്.

(3) 2018 ൽ 3 കേസ്. ചാത്തന്നൂർ റെയ്ഞ്ചിലെ ജീവനക്കാർക്കെതിരെ ഉണ്ടായ ആക്രമണത്തിൽ ചാത്തന്നൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസ്, കൊല്ലം സ്പെഷ്യൽ സ്ക്വാഡിലെ ജീവനക്കാർക്കെതിരെയുണ്ടായ ആക്രമണത്തിൽ അഞ്ചാലുംമൂട് പോലീസ് സ്റ്റേഷനിൽ ഒരു കേസ്, ആര്യങ്കാവ് എക്സൈസ് ചെക്ക്പോസ്റ്റിൽ കഞ്ചാവുമായി മോട്ടോർ സൈക്കിളിൽ വന്ന പ്രതികളെ പിടികൂടാൻ ശ്രമിക്കവെ സിവിൽ എക്സൈസ് ഓഫീസറെ ഇടിച്ചുതെറിപ്പിച്ച സംഭവത്തിൽ തെൻമല പോലീസ് സ്റ്റേഷനിൽ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

**ആലപ്പുഴ** **ആകെ-4**

1. 2016 ജൂലൈ 21-ന് മാവേലിക്കര താലൂക്കിൽ, തെക്കേക്കര വില്ലേജിൽ, വരേണിക്കൽ മുറിയിൽ, എൽ.ഐ.സി. കോളനിയിൽ കേസെടുക്കുന്ന സമയം പ്രതികളും കൂട്ടാളികളും ചേർന്ന് മാവേലിക്കര എക്സൈസ് ഇൻസ്പെക്ടർ ശ്രീ.പി. ശിവപ്രസാദിനേയും, പാർട്ടിയേയും ആക്രമിച്ചിട്ടുള്ളതും ഉദ്യോഗസ്ഥർക്ക് ഗുരുതര പരിക്ക് പറ്റിയിട്ടുള്ളതുമാണ്. ഈ സംഗതിക്ക് കുറത്തിക്കാട് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2. 15.9.16 ൽ ബഹു. എക്സൈസ് കമ്മീഷണറുടെ വാട്സ് അപ്പ് പരാതി അന്വേഷിച്ച പോയ സിവിൽ എക്സൈസ് ആഫീസർ, ശ്രീ. രാജേഷ് കൃഷ്ണന് കണ്ണമംഗലം വില്ലേജിൽ വെച്ച് കുറെ

ആളുകൾ ചേർന്ന് ആക്രമിക്കുകയുണ്ടായി. ഈ സംഗതിക്ക് മാവേലിക്കര പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

3. കായംകുളം എക്സൈസ് ഇൻസ്പെക്ടർ ശ്രീ.എസ്. പ്രമോദിനേയും പാർട്ടിയേയും 25.2.2018 ൽ കൃഷ്ണപുരം ഭാഗത്തുവെച്ച് മദ്യപിച്ചുകൊണ്ടിരുന്ന ആളുകൾ ആക്രമിച്ച് പരിക്കേൽപ്പിച്ചിട്ടുള്ളതാണ്. ഈ സംഗതിക്ക് കായംകുളം പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

4. 23.4.17 ൽ നൂറനാട് റെയ്ഞ്ചിൽ, താമരക്കുളം വില്ലേജിൽ, പേരൂർ കാരാഴ്മ മുറിയിൽ തയ്യിൽ വീട്ടിൽ വാസുദേവൻ മകൻ സത്യപാലന്റെ വീട്ടിൽ സ്പിരിറ്റ് സൂക്ഷിക്കുന്നതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നൂറനാട് റെയിഞ്ചിലെ അസി.എക്സൈസ് ഇൻസ്പെക്ടർ എസ്. സത്യന്റെ നേതൃത്വത്തിൽ പെട്രോളിംഗ് പാർട്ടി ടി വീട്ടിൽ പരിശോധനയ്ക്ക് എത്തിയപ്പോൾ സത്യപാലനും ടിയാന്റെ ജ്യേഷ്ഠൻ ശിവദാസനും കൂടി എക്സൈസ് പാർട്ടിയെ തടഞ്ഞ് ബലപ്രയോഗം നടത്തിയതിന് ടിയാൻമാരെ പ്രതിയാക്കി നൂറനാട് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ടിയാൻമാരെ റിമാന്റ് ചെയ്തിരുന്നതുമാണ്. പ്രസ്തുത കേസ് ഇപ്പോൾ മാവേലിക്കര ജെ.എഫ്.എം.സി II -ൽ CC-404/17 ആയി വിചാരണ നടന്നുവരുന്നു.

**പത്തനംതിട്ട** **ആകെ-4**

2016, 2017,2018 വർഷങ്ങളിൽ ഡ്യൂട്ടി സമയത്ത് എക്സൈസ് ജീവനക്കാർക്കെതിരെ പത്തനംതിട്ട, ചിറ്റാർ, തിരുവല്ല, മല്ലപ്പള്ളി റേഞ്ച് പരിധികളിലായി 4 ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്. ടി ആക്രമണങ്ങളുമായി ബന്ധപ്പെട്ട് പോലിസ് കേസ് നിലവിലുള്ളതുമാണ്..

**കോട്ടയം** **ആകെ-11**

2016, 2017,2018 വർഷങ്ങളിൽ വൈക്കം, പാലാ എക്സൈസ് സർക്കിൾ ഓഫീസുകൾക്കെതിരെയും ഏറ്റുമാനൂർ, കുറവിലങ്ങാട്, പാമ്പാടി, വൈക്കം, കോട്ടയം എന്നീ റെയിഞ്ചുകൾക്കെതിരെയും കോട്ടയം എക്സൈസ് സ്പെഷ്യൽ സ്ക്വാഡിനെതിരെയും ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്.

**ഇടുക്കി** **ആകെ-9**

1) അടിമാലി, എൻ.ഇ.എസ് സ്ക്വാഡ് ഓഫീസിലെ ക്രൈം നമ്പർ 38/2016 കേസിലെ പ്രതി സതീഷ് എക്സൈസ് ജീവനക്കാരെ കോടതി പരിസരത്ത് വച്ച് ഭീഷണിപ്പെടുത്തിയതിന് പോലീസ് കേസെടുത്തിട്ടുള്ളതാണ്.

2) മേൽ പ്രതി സതീഷ് തന്നെ അടിമാലി എൻ.ഇ.എസ് ഓഫീസിൽ എത്തി ജീവനക്കാരെ ചീത്ത വിളിച്ചതിന് മറ്റൊരു പോലീസ് കേസ്സും രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

3) 22-04-2016 തീയതിയിൽ പീരുമേട് എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്ടർ ശ്രീ.എം.കെ. പ്രസാദും പാർട്ടിയും ഏലപ്പാറ കരയിൽ കിഴക്കേ ചെമ്മനത്ത് വച്ച് രവീന്ദ്രൻ എന്നയാളുടെ പേരിൽ അബ്കാരി കേസ്സ് എടുത്ത സമയം പ്രതിയെ ടിയാന്റെ സുഹൃത്തുക്കൾ ബലമായി മോചിപ്പിക്കുന്നതിന് ശ്രമം നടത്തുകയും പാർട്ടിയിലുള്ളവരെ ഇവർ ആക്രമിക്കുകയും ചെയ്തതിന് പോലീസ് കേസ്സ് എടുത്തിട്ടുള്ളതാണ്.

2017 ൽ

1.അടിമാലി, എൻ.ഇ.എസ് സ്ക്വാഡ് ഓഫീസിലെ ജീവനക്കാർ വാഹന പരിശോധന നടത്തുന്ന സമയത്ത് തടിക്കുട്ടിൽ ജിബുവും കറെയാളുകളും ജീവനക്കാരെ ചീത്ത വിളിക്കുകയും ഔദ്യോഗിക കൃത്യ നിർവ്വഹണം തടസ്സപ്പെടുത്തിയതിനും പോലീസ് കേസ്സ് എടുത്തിട്ടുള്ളതാണ്.

2 അടിമാലി, എൻ.ഇ.എസ് സ്ക്വാഡ് ഓഫീസിലെ ക്രൈം നമ്പർ 60/17 കേസിലെ പ്രതി ബുള്ളറ്റ് മൈതീൻ ടി ഓഫീസിലെ ജീവനക്കാരുടെ ഔദ്യോഗിക കൃത്യ നിർവ്വഹണം തടസ്സപ്പെടുത്തിയതിന് പോലീസ് കേസ്സ് എടുത്തിട്ടുള്ളതാണ്.

3 തൊടുപുഴ റെയ്ഞ്ചിലെ എൻ.ഡി.പി.എസ് കേസ്സിലെ പ്രതി അജ്മൽ കാസിമിനെതിരെ തൊടുപുഴ റെയ്ഞ്ച് ഓഫീസിലെ ജീവനക്കാരുടെ ഔദ്യോഗിക കൃത്യ നിർവ്വഹണം തടസ്സപ്പെടുത്തിയതിന് പോലീസ് കേസ്സ് എടുത്തിട്ടുള്ളതാണ്.

2018 ൽ

1. ദേവികുളം റെയ്ഞ്ചിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ.ബി.സെൽവകുമാറിനെ ചിറ്റവര എസ്റ്റേറ്റിൽ വച്ച് ആക്രമിച്ച കേസ്സിൽ അക്രമികൾക്കെതിരെ പോലീസ് കേസ്സ് എടുത്തിട്ടുള്ളതാണ്.
2. പീരുമേട് റെയ്ഞ്ച് ഇൻസ്പെക്ടർ ശ്രീ.ജനീഷ് എം.എസ് പാർട്ടിയും കൂടി വാഹന പരിശോധന നടത്തിവരവെ കെ.എസ്.ആർ.റ്റി.സി ബസിൽ വച്ച് മദ്യപിച്ചിരുന്ന യാത്രക്കാരൻ ജീവനക്കാരെ ഉപദ്രവിക്കുകയും യൂണിഫോമിന് കേടുപാട് വരുത്തുകയും ചെയ്തിട്ടുള്ളതാണ്.
3. ഇടുക്കി താലൂക്കിൽ തങ്കമണി വില്ലേജിൽ നാരകക്കാനം - അമലഗിരി കരയിൽ അരിപ്പിൻകുന്നേൽ വീട്ടിൽ രാജൻ മകൻ കണ്ണൻ എന്ന് വിളിക്കുന്ന രജിതിനെതിരെ ഒരു അബ്കാരി കേസ്സെടുത്തിട്ടുള്ളതും എക്സൈസ് പാർട്ടിയിലുണ്ടായിരുന്ന ജി. വിജയദാസിനെ

അക്രമിച്ച് പ്രതി ഓടി പോയിട്ടുള്ളതുമാണ്. ടിയാൾക്കെതിരെ തങ്കമണി പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

**എറണാകുളം** **ആകെ–3**

കഴിഞ്ഞ 3 വർഷത്തിനുള്ളിൽ എറണാകുളം ഡിവിഷനിൽ 3 ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്. കേസ് എടുക്കുന്നതിനിടയിൽ പ്രതിയിൽ നിന്നുമുള്ള ആക്രമണവും ഓഫീസ് തടയലും ഉണ്ടായിട്ടുള്ളതാണ്.

**തൃശ്ശൂർ** **ആകെ–3**

തൃശ്ശൂർ എക്സൈസ് ഡിവിഷനിൽ കൊടുങ്ങല്ലൂർ സർക്കിൾ ഓഫീസിൽ ഡ്യൂട്ടിക്കിടയിൽ എക്സൈസ് ജീവനക്കാരെ ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് ഒരാൾക്ക് എതിരെ U/s 332,352 പ്രകാരം മതിലകം പോലീസ് സ്റ്റേഷനിൽ 13.09.2016 ൽ കേസ് എടുത്തിട്ടുണ്ട്.

2.കൊടുങ്ങല്ലൂർ എക്സൈസ് സർക്കിൾ ഓഫീസിൽ 05.09.2017 ന് കസ്റ്റഡിയിലെടുത്ത പ്രതിയെ ബലമായി ഇറക്കികൊണ്ടുപോകൽ, അസഭ്യം പറയൽ തുടങ്ങിയ സംഭവങ്ങളുമായി ബന്ധപ്പെട്ട് രണ്ട് പേർക്ക് എതിരെയും കണ്ടാൽ അറിയാവുന്ന ഇരുപതോളം പേർക്ക് എതിരെയും U/s 143,147,341,225 B,294 b, 351 R/W 149 of IPC പ്രകാരം മതിലകം പോലീസ് സ്റ്റേഷനിൽ കേസ്സെടുത്തിട്ടുള്ളതാണ്.

3. ഈ ഡിവിഷനിൽ ഇരുങ്ങാലക്കുട എക്സൈസ് റേഞ്ച് ഓഫീസിൽ 01.11.2018 ന് കഞ്ചാവ് കേസ്സെടുത്തതുമായി ബന്ധപ്പെട്ട് പുലർച്ചെ റേഞ്ച് ഓഫീസിന്റെ ഗേറ്റ് വടിവാൾ ഉപയോഗിച്ച് വെട്ടി പൊളിക്കുകയും ഗേറ്റിന് കേടുപാടു വരുത്തുകയും ഓഫീസിലേക്ക് അതിക്രമിച്ച് കയറി ടി കേസിലെ തൊണ്ടി മുതലായ ബൈക്ക് മടക്കി കൊണ്ടു പോകാൻ ശ്രമിക്കുകയും തടയാൻ ചെന്ന പാറാവ് ഡ്യൂട്ടിക്കാരെ അസഭ്യം പറഞ്ഞ് കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തതിന് ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽ Cr.773/18 E/f 02.11.2018 ന് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. സംഭവവുമായി ബന്ധപ്പെട്ട് ഒരാൾക്ക് എതിരെ U/s 427,294 b, 447,506,511,319(2) Prevention of Damage to Public Property Act 1984 Sec.3(2)(e) പ്രകാരം കേസ്സെടുത്തിട്ടുള്ളതാണ്.

**പാലക്കാട്** **ഇല്ല**

**മലപ്പുറം** **ആകെ–2**

1. പൊന്നാനി റെയിഞ്ചിൽ സുൽഫിക്കർ എന്നയാൾ ജീവനക്കാർക്കെതിരെ ആക്രമണം നടത്തിയതിന് 24.09.2018-ന് പൊന്നാനി പോലീസ് സ്റ്റേഷനിൽ 428/2018 ക്രൈം നമ്പറായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2. പരപ്പനങ്ങാടി റെയിഞ്ചിൽ ഹമീദ് എന്നയാൾ ജീവനക്കാർക്കെതിരെ അതിക്രമം നടത്തിയതിന് 05.11.2018-ന് പരപ്പനങ്ങാടി പോലീസ് സ്റ്റേഷനിൽ 332/2018 ക്രൈം നമ്പറായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**<u>കോഴിക്കോട്</u>** **<u>ആകെ-3</u>**

പേരാമ്പ്ര എക്സൈസ് പട്രോളിങ് പാർട്ടിക്കെതിരെയും, ചേളന്നൂർ എക്സൈസ് റെയിഞ്ച് ഓഫീസ് പാർട്ടിക്കെതിരെയും ആക്രമണം ഉണ്ടായിട്ടുള്ളതും ആയതിൽ പോലീസ് കേസെടുത്തിട്ടുള്ളതുമാണ്.

**<u>വയനാട്</u>** **<u>ആകെ-2</u>**

05.09.2016 ന് കൽപ്പറ്റ റെയിഞ്ചിലെ എക്സൈസ് ഇൻസ്പെക്ടർ എ.രാധാകൃഷ്ണനും പാർട്ടിയും ചേർന്ന് കമ്പളക്കാട് ഭാഗത്ത് നിന്ന് CR.No.183/16 കേസെടുത്ത സമയത്ത് കേസിന്റെ കൃത്യനിർവഹണത്തിന് തടസ്സം സൃഷ്ടിച്ച ഗിരീഷ് കുമാർ എന്നയാൾക്കെതിരെ കമ്പളക്കാട് പോലീസ് സ്റ്റേഷനിൽ CR.No. 378/16 u/s 353,294(b) ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

02.11.2018 തീയ്യതി 12.45 പി.എം-ന് മാനന്തവാടി താലൂക്കിൽ തൃശ്ശിലേരി വില്ലേജിൽ, ബാവലി എക്സൈസ് ചെക്ക് പോസ്റ്റിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന പ്രിവന്റീവ് ഓഫീസർ പി.ടി സജിമോൻ, സിവിൽ എക്സൈസ് ഓഫീസർമാരായ വിപിൻ ഡബ്ല്യൂ, അമൽദേവ് സി.ജി എന്നിവരും വയനാട് ജില്ലാ എക്സൈസ് ഇന്റലിജൻസ് ആൻറ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോയിലെ പ്രിവന്റീവ് ഓഫീസർ കെ.ജെ സന്തോഷും മറ്റും ചേർന്ന് ബാവലി എക്സൈസ് ചെക്ക് പോസ്റ്റിലെ ബാരിക്കേഡിന് സമീപം വെച്ച് വാഹന പരിശോധന നടത്തി വരവേ ബാവലി ഭാഗത്തു നിന്നും അതിവേഗത്തിൽ ഓടിച്ച് വന്ന KL 72 A 5755, BAJAJ PULSAR മോട്ടോർ സൈക്കിളിൽ എത്തിയ A1 റിഷികേഷ് സാഹിനി(വ: 19/18), S/o രഘുനാഥൻ,തോപ്പിൽ വീട്ടിൽ,കണിയാരം പാലാക്കുളി ഭാഗത്ത്, മാനാന്തവാടി A2 നിഖിൽ സി.എ(വ: 20/18), S/o ചന്ദ്രൻ, വിജിത നിവാസ്, കാരക്കാമല ഭാഗം,അഞ്ചാം മൈൽ, നല്ലൂർനാട് വില്ലേജ്, മാനന്തവാടി എന്നിവർ ചെക്ക് പോസ്റ്റ് ജീവനക്കാരുടെ ജീവൻ അപായപ്പെടുത്തി രക്ഷപ്പെട്ടു പോകണമെന്ന ഉദ്ദേശത്തോടു കൂടി പരിശോധന ഡ്യൂട്ടിയിലുണ്ടായിരുന്ന പ്രിവന്റീവ് ഓഫീസർ കെ.ജെ

സന്തോഷ്, സിവിൽ എക്സൈസ് ഓഫീസർ വിപിൻ ഡബ്ല്യൂ എന്നിവരുടെ ദേഹത്ത് ശക്തിയായി വാഹനം ഇടിച്ച് മാരകമായി പരിക്കേൽപ്പിക്കുകയും ബാരിക്കേഡ് തകർത്ത് ബൈക്ക് ഓടിച്ചു പോകാൻ ശ്രമിക്കുകയും, ടിയാന്മാരെ പാർട്ടിയിലുണ്ടായിരുന്ന പ്രിവന്റീവ് ഓഫീസർ പി.ടി സജിമോൻ, സിവിൽ എക്സൈസ് ഓഫീസർ അമൽദേവ് സി.ജി എന്നിവർ സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ തടഞ്ഞു വയ്ക്കുകയും ടി വിവരം പി.ടി സജിമോൻ ചെക്ക് പോസ്റ്റിന്റെ ചുമതലയുള്ള മാനന്തവാടി എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്ടർ എം.എം കൃഷ്ണൻകുട്ടിയെ അറിയിക്കുകയും ചെയ്തതിനെ തുടർന്ന് എക്സൈസ് ഇൻസ്പെക്ടർ ടി സ്ഥലത്തെത്തി പരിശോധന നടത്തുകയും ടി ബൈക്കിൽ നിന്നും 200 ഗ്രാം കഞ്ചാവ് കണ്ടെടുക്കുകയും ചെയ്തതിനെ തുടർന്ന് കേസാക്കുകയും പ്രതികളെ യഥാക്രമം 2.45 PM, 2.50 PM എന്നീ സമയങ്ങളിൽ അറസ്റ്റ് ചെയ്ത് തൊണ്ടിമുതലുകൾ ബന്തവസ്സിലെടുത്ത്, കേസ് റിക്കാർഡുകൾ സഹിതം 02.11.2018 തിയ്യതി മാനന്തവാടി എക്സൈസ് റെയ്ഞ്ച് ഓഫീസിൽ ഹാജരാക്കിയതിൻ പ്രകാരം NDPS Cr.No. 76/2018 U/s. 8(c) r/w 20(b) (ii) (A) & 29 of NDPS Act 1985 പ്രകാരം 02.11.2018 തിയ്യതി 9.00 PM മണിക്ക് കേസ് റജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന് വാഹനം ഇടിപ്പിച്ച് എക്സൈസ് ജീവനക്കാരെ പരിക്കേൽപ്പിച്ചത് സംബന്ധിച്ച് എക്സൈസ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തതിൻ പ്രകാരം മേൽ പ്രതികളുടെ പേരിൽ തിരുനെല്ലി പോലീസ് കേസെടുത്തിട്ടുള്ളതും U/s 307, 333 r/w 34 IPC, 3(1) of PDPP Act വകുപ്പുകൾ പ്രകാരം Cr.No.370/2018 ആയി തിരുനെല്ലി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

**<u>കണ്ണൂർ</u>** **<u>ആകെ-6</u>**

1. ആലക്കോട് എക്സൈസ് റെയിഞ്ച് ഓഫീസിൽ 13-04-2017-ന് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 47/2019 അബ്കാരി കേസിലെ പ്രതികളായ ബിനോയ്, മുസ്തഫ എന്നിവർ അന്ന് എക്സൈസ് റെയിഞ്ച് ഇൻസ്പെക്ടറായിരുന്ന ശ്രീ. പി. ശ്രീരാജിനേയും അന്ന് ഓഫീസ് പാറാവുകാരനായിരുന്ന സിവിൽ എക്സൈസ് ഓഫീസർ ശ്രീ ജോസ് ടി ജോസഫിനേയും കൈയ്യേറ്റം ചെയ്യുകയും ഓഫീസ് ഫയലുകൾ നശിപ്പിക്കുകയും ചെയ്തിരുന്നു. ആയത് സംബന്ധിച്ച് ആലക്കോട് പോലീസ് സ്റ്റേഷനിൽ 13-04- 2017-ന് പരാതി നൽകിയിട്ടുണ്ട്.

2. 30-01-2017-ന് പേരാവൂരിനടുത്തുള്ള മണത്തണ ആയോത്തുംചാൽ എന്ന സ്ഥലത്ത് വെച്ച് ഒരുകൂട്ടം ആളുകളുടെ അക്രമണത്തിൽ പേരാവൂർ എക്സൈസ് റെയിഞ്ച് ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ. ജെയിംസ്. സി. എം.-ന് പരിക്ക് പറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും, പോലീസ് കേസെടുക്കുകയും ചെയ്തിട്ടുണ്ട്.

3. സ്ക്വാഡ് ഓഫീസിലെ പ്രിവന്റീവ് ഓഫീസർ ശ്രീ. വി. കെ. ഷിബുവും പാർട്ടിയും 01-03-2019-ന് വൈകുന്നേരം വാഹന പരിശോധന നടത്തുന്നതിനിടയിൽ ക്രിസ്റ്റി ജോസഫ്, S/O. സെബാസ്റ്റ്യൻ, ബർണ്ണശ്ശേരി (പി.ഒ.), കണ്ണൂർ - 670013 എന്നയാളുടെ സ്കൂട്ടർ പരിശോധന നടത്തവെ ടിയാന്റെ വാഹനത്തിൽ നിന്നു മദ്യം കണ്ടെടുത്തതിനെത്തുടർന്ന് ടിയാൻ പാർട്ടിയിലുണ്ടായിരുന്ന സിവിൽ എക്സൈസ് ഓഫീസർ ശ്രീ. ശരത്ത്. പി. ടി. യെ ചവിട്ടി പരിക്കേൽപ്പിക്കുകയും ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുകയും ഓടിപ്പോവുകയും ചെയ്തിരുന്നു. തുടർന്ന് ടിയാനെതിരെ ഒരു അബ്കാരി കേസ് എടുത്തിരുന്നു.

4. 31-08-2016-ന് തലശ്ശേരി എക്സൈസ് റെയിഞ്ച് ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ ശ്രീ. ദീപക്. കെ. എം.-ന് എൻ.ഡി.പി.എസ്. സി. ആർ. നമ്പർ 4/2016 കേസിലെ പ്രതിയെ കീഴ്പ്പെടുത്തുമ്പോൾ അക്രമണം നേരിടേണ്ടി വന്നിട്ടുണ്ട്.

5. പിണറായി എക്സൈസ് റെയിഞ്ച് ഓഫീസിൽ 18-08-2016-ാം തീയ്യതിയിൽ അസിസ്റ്റൻറ് എക്സൈസ് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. രാമചന്ദ്രൻ, പ്രിവന്റീവ് ഓഫീസർ ശ്രീ. ഷിബു. വി. കെ., സിവിൽ എക്സൈസ് ഓഫീസർമാരായ സ/ശ്രീ. റാഫി. കെ. വി., സതീഷ്. വി. കെ. എന്നിവരും, അതിനുശേഷം പാർട്ടിൽ ചേർന്ന എക്സൈസ് ഇൻസ്പെക്ടർ ശ്രീ. അഭിദാസൻ, സിവിൽ എക്സൈസ് ഓഫീസർ ശ്രീ. ലിനേഷ് എന്നിവരും പട്രോൾ നടത്തി പിണറായി-മമ്പറം റോഡിൽ എസ്. വി. ഇൻഡസ്ട്രീസ് എന്ന ഫർണിച്ചർ കടയുടെ മുൻവശം വെച്ച് പരസ്യമായി പുകവലിച്ച കുറ്റത്തിന് എൻ. പ്രകാശൻ, S/O. നാണു, മടയന്റെവീട്, വെണ്ടുട്ടായി എന്നയാൾക്കെതിരെ കേസെടുക്കാൻ ശ്രമിച്ചപ്പോൾ സമീപത്തുണ്ടായിരുന്ന പട്ടിക കൊണ്ട് തലക്കടിച്ച് അപായപ്പെടുത്താൻ ശ്രമിച്ചു. മേൽ കേസ് നിലവിൽ ധർമ്മടം പോലീസ് സ്റ്റേഷനിൽ 840/2016 ആയി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

6. ശ്രീകണ്ഠാപുരം എക്സൈസ് റെയിഞ്ച് ഓഫീസിലെ ജീവനക്കാർക്ക് നേരെ 18-12-2017 തീയ്യതിയിൽ തളിപ്പറമ്പ് താലൂക്കിൽ പയ്യാവൂർ അംശം, ദേശം കുന്നത്തൂർ കവല എന്ന സ്ഥലത്ത് ഗ്രാമശ്രീ സ്വാശ്രയസംഘം, കുന്നത്തൂർ പി.ഒ. പൈസക്കരി എന്ന സ്ഥലത്ത് വെച്ച് മനീഷ്. കെ. ജെ. എന്നയാളെ വ്യാജമദ്യ വില്പന നടത്തിയതിന് അറസ്റ്റ് ചെയ്തപ്പോൾ ടിയാനും, സംഘവും ചേർന്ന് കൈയ്യേറ്റം ചെയ്യുകയും അവർക്കെതിരെ പയ്യാവൂർ പോലീസ് സ്റ്റേഷനിൽ കേസ് കൊടുക്കുകയും ചെയ്തിട്ടുണ്ട്. മനീഷ്. കെ. ജെ. എന്നയാളുടെ പേരിൽ ക്രൈം നമ്പർ 131/2017 ആയി ശ്രീകണ്ഠാപുരം റെയിഞ്ച് ഓഫീസിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**<u>കാസർഗോഡ്</u>** **<u>ആകെ-4</u>**

2016 -ൽ 1 ഉം 2017-ൽ 3 ഉം ആക്രമണങ്ങൾ എക്സൈസ് ഉദ്യോഗസ്ഥർക്കെതിരെ ഉണ്ടായിട്ടുണ്ട്.

1. 16.06.2016-ാം തീയതി മഞ്ചേശ്വരം ചെക്ക് പോസ്റ്റിൽ ആക്രമണം അഴിച്ചു വിട്ട് ഓഫീസിനും ഡിപ്പാർട്ട്മെന്റ് ജീപ്പിനും തകരാർ ഉണ്ടാക്കി ഉദ്ദേശം 1,20,000/- രൂപയുടെ നാശനഷ്ടം ഉണ്ടാക്കിയതിന് കണ്ടാലറിയാവുന്ന 7 പേർക്ക് എതിരെ മഞ്ചേശ്വരം പോലീസ് സ്റ്റേഷനിൽ ക്രൈം നം.118/2016 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2. 08.03.2017-ാം തീയതി കുമ്പള റെയിഞ്ച് എക്സൈസ് ഇൻസ്പെക്ടറായിരുന്ന ശ്രീ.പി.ജെ.റോബിൻ ബാബുവിനെയും പാർട്ടിയെയും ടി റെയിഞ്ചിലെ ക്രൈം നം.42/2017 കേസിലെ പ്രതിയായ രാജേഷ് @ പ്രദീപ് ആക്രമിച്ചതിന് ടിയാനെതിരെ ഐ.പി.സി 143, 147, 148, 324, 353, 332, 506 വകുപ്പുകൾ പ്രകാരം കുമ്പള പോലീസ് സ്റ്റേഷനിൽ ക്രൈം നം.151/2017 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

3. 24.03.2017-ാം തീയതി ഹോസ്ദുർഗ്ഗ് ജെ.എഫ്.സി.എം കോടതി പരിസരത്ത് വച്ച് ഹോസ്ദുർഗ് സർക്കിൾ ഓഫീസിലെ പ്രിവന്റീവ് ഓഫീസർ ശ്രീ.രഘുനാഥൻ നായർ, എക്സൈസ് ഡ്രൈവർ ശ്രീ.സുധീർ കുമാർ.കെ എന്നിവരെ ഹോസ്ദുർഗ്ഗ് റെയിഞ്ചിലെ ക്രൈം നം.69/17 കേസിലെ പ്രതിയായ ബിനുവിന്റെ സഹോദരൻ ശശിയും ടിയാന്റെ വക്കീൽ കുമാരൻ എന്നിവർ ആക്രമിച്ചതിന് ടിയാൻമാർക്കെതിരെ ഐ.പി.സി 341,323,332, 294(ബി) വകുപ്പുകൾ പ്രകാരം ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷനിൽ ക്രൈം.നം.331/2017 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

4. 16.04.2017 ൽ നീലേശ്വരം റെയിഞ്ചിലെ സിവിൽ എക്സൈസ് ഓഫീസർമാരായ പി.കെ.ബാബുരാജ്, പി.മഹേഷ് എന്നിവരെ പുതുക്കൈ എന്ന സ്ഥലത്ത് വച്ച് പുത്തൂവൈ ദേശത്ത് പ്രകാശൻ എന്നയാൾ തടഞ്ഞ് നിർത്തി ആക്രമിച്ചതിന് ടിയാനെതിരെ ഐ.പി.സി 353, 332, 294(ബി) വകുപ്പുകൾ പ്രകാരം നീലേശ്വരം പോലീസ് സ്റ്റേഷനിൽ ക്രൈം നം.418/2017 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ